## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: **980**

25.01.2018-ലെ മറുപടി

## റാന്നി നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.രാജു എബ്രഹാം | | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | റാന്നി നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് നടപ്പാക്കാനുദ്ദേശിച്ചിട്ടുള്ള വിവിധ കുടിവെള്ള പദ്ധതികൾ ഏതൊക്കെ എന്നും ഇവയിൽ നിർമ്മാണം ആരംഭിച്ചിട്ടുള്ളവ ഏതൊക്കെയെന്നും ഓരോ പദ്ധതിയുടെ പേരും വിശദാംശങ്ങളും നിലവിലുള്ള സ്ഥിതിയും സഹിതം വ്യക്തമാക്കാമോ; | (എ) | റാന്നി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന വിവിധ കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | രൂക്ഷമായ വേനൽ മുന്നിൽകണ്ട് നിർമ്മാണം പൂർത്തിയാക്കിയവയോ, നാമമാത്രമായ പ്രവൃത്തികൾ ബാക്കിയായവയോ ആയ പദ്ധതികൾ കമ്മീഷൻ ചെയ്യുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | നിർമ്മാണം പൂർത്തിയാക്കിയ റാന്നി-പഴവങ്ങാടി-വടശ്ശേരിക്കര പദ്ധതിയിൽ നിന്നും ജലവിതരണം നടത്തിവരുന്നു.<br><br>നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയ അയിരൂർ-കാഞ്ഞേറ്റുകര പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് വൈദ്യുതി കണക്ഷൻ ലഭിച്ചാലുടൻ ട്രയൽ റൺ ആരംഭിച്ച് തുടർന്ന് ഒരു മാസത്തിനുള്ളിൽ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി അവലോകന യോഗങ്ങൾ നടത്തി തടസ്സങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ നീക്കി കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | പദ്ധതി | ഭരണാനുമതി തുക (ലക്ഷം) | പ്രയോജനം ചെയ്യുന്ന ജനസംഖ്യ | നിലവിലുള്ള സ്ഥിതി |
|---|---|---|---|---|
| 1 | റാന്നി-പഴവങ്ങാടി വടശ്ശേരിക്കര-1-ാം ഘട്ടം | 1686.83 | 65584 | പണികൾ പൂർത്തിയാക്കി ജലവിതരണം നടത്തിവരുന്നു.. |
| 2 | റാന്നി-പഴവങ്ങാടി വടശ്ശേരിക്കര-2-ാം ഘട്ടം | 1458.99 | - | |
| 3. | പെരുനാട്-അത്തിക്കയം 1-ാം ഘട്ടം | 1400.00 | 22121 | ഒന്നാം ഘട്ടത്തിൽ പൂർത്തിയാക്കാനുള്ള ഘടകങ്ങളുടെ എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി പരിശോധിച്ച് വരുന്നു. |
| 4 | പെരുനാട്-അത്തിക്കയം 2-ാം ഘട്ടം | 4140.00 | - | പാക്കേജ് 1-ന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ച മുണ്ടൻമലയിലെ ടാങ്കിനും പമ്പ്ഹൗസിനുമുള്ള സ്ഥലം ലഭ്യമായിട്ടില്ല |
| 5 | കൊല്ലമുള – 1-ാം ഘട്ടം | 800.00 | 25700 | എരുമേലി ശുദ്ധീകരണശാലയിൽ നിന്നും വെൺകുറിഞ്ഞി സബ് സ്റ്റേഷൻ വരെയുള്ള ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിൻ, വെൺകുറിഞ്ഞി സമ്പ്, പാമ്പിരിക്കുംപാറ ടാങ്കിലേക്കുള്ള പമ്പിങ് മെയിൻ എന്നിവ പൂർത്തിയായി.<br>തലമുട്ടിയാനി, ഓലിക്കൽ ടാങ്കുകളുടെയും ഓലിക്കൽ മുതൽ തലമുട്ടിയാനി വരെയുള്ള പമ്പിങ് മെയിനിന്റെയും എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു. |
| 6 | സീതത്തോട്-നിലയ്ക്കൽ-പ്ലാപ്പള്ളി – 1-ാം ഘട്ടം | 909.00 | 146396 | ജലശുദ്ധീകരണശാലയുടെ 50% പണികൾ പൂർത്തിയായി. ഇൻടേക്ക് കിണറിന്റെ പണി പുരോഗമിക്കുന്നു. |
| 7 | അയിരൂർ-കാഞ്ഞേറ്റുകര 1-ാം ഘട്ടം | 1400.00 | 21797 | വൈദ്യുതി കണക്ഷൻ കിട്ടിയാലുടൻ ട്രയൽ റൺ ആരംഭിക്കും. |
| 8 | അയിരൂർ-കാഞ്ഞേറ്റുകര 2-ാം ഘട്ടം | 2800.00 | | ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |
| 9 | എഴുമറ്റൂർ ഒന്നാം ഘട്ടം | 591.00 | 19659 | ഈ പഞ്ചായത്ത് ഉൾപ്പെട്ട പുറമറ്റവും സമീപ പഞ്ചായത്തുകൾക്കുമായുള്ള സമഗ്ര കുടിവെള്ള പദ്ധതിക്ക് അനുമതി നൽകിയിട്ടുള്ളതിനാൽ നിർമ്മാണം താൽക്കാലികമായി നിർത്തിവച്ചിരിക്കുന്നു. |
| 10 | മല്ലപ്പള്ളി-ആനിക്കാട്-കോട്ടാങ്ങൽ (ഭാഗികം)-1-ാം ഘട്ടം | 798.00 | 42557 | ഇൻടേക് കിണർ, ജലശുദ്ധീകരണശാല എന്നിവയുടെ പണി പുരോഗമിക്കുന്നു. |
| 11 | മല്ലപ്പള്ളി-ആനിക്കാട്-കോട്ടാങ്ങൽ (ഭാഗികം)-2-ാം ഘട്ടം | 2400.00 | | ടാങ്കുകളും, സമ്പും, പമ്പിങ് മെയിനും ഉൾപ്പെട്ട വിവിധ ഘടകങ്ങളുടെ എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി പരിശോധിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**